(സി) ഓരോ സാമ്പത്തിക വർഷവും അതാത് ജില്ലാ കളക്ടർമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സ്മാർട്ട് റവന്യൂ ഓഫീസാക്കി മാറ്റുന്നതിനുള്ള വില്ലേജ് ഓഫീസുകളെ തെരഞ്ഞെടുക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തിൽ ചുവടെപ്പറയുന്ന വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

തിരുവനന്തപുരം	-	പള്ളിപ്പുറം, മാറനല്ലൂർ, കള്ളിക്കാട്.
പത്തനംതിട്ട	-	വള്ളിക്കോട്
ആലപ്പുഴ	-	കൃഷ്ണപുരം, ചിങ്ങോലി
എറണാകുളം	-	ഐരാപുരം
പാലക്കാട്	-	തെക്കേദേശം.

പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികളുടെ നടത്തിപ്പ്

145 (5229) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള മരാമത്ത് പണികളിൽ ഉണ്ടായ സ്തംഭനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച പുതിയ നോംസ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ദുരിതാശ്വാസ പദ്ധതികളിൽപ്പെടുത്തിയിട്ടുള്ള ജോലികളുടെ അനിശ്ചിതാവസ്ഥ നീക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്. 20-5-2015-ലെ ജി.ഒ.(എം.എസ്.) നമ്പർ 194/2015/ഡി.എം.ഡി. പ്രകാരം പുതിയ മാനദണ്ഡങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) വിവരം ശേഖരിച്ചുവരുന്നു.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly